# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.449

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബി പദ്ധതികൾ

| ചോദ്യം<br>ശ്രീ. യു. ആർ. പ്രദീപ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതി മുഖേന എത്ര പ്രോജക്ടുകൾക്ക് ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്; ഈ പ്രോജക്ടുകൾക്കായി ആകെ എത്ര കോടി രൂപ അനുവദിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;<br>(ബി) ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്ത് 42306.05 കോടി രൂപയുടെ 536 പദ്ധതികൾക്ക് ഇതിനകം കിഫ്ബിയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 7030.54 കോടി രൂപയുടെ 228 പദ്ധതികൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 318 പദ്ധതികളുടെ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) കിഫ്ബിയിലേയ്ക്കുള്ള വരുമാന സ്രോതസ്സുകൾ എന്തൊക്കെയാണ്; കിഫ്ബിയിലൂടെ പദ്ധതികൾ നടപ്പിലാക്കുന്നതുകൊണ്ട് എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | കിഫ് ആക്ട് വിവക്ഷിക്കും പ്രകാരമുള്ള വിവിധ സ്രോതസ്സുകൾ മുഖേന കിഫബിക്ക് ധനം സമാഹരിക്കാവുന്നതാണ്. പണത്തിനുള്ള ആവശ്യത്തിന്റെ അളവനുസരിച്ച് സമയാസമയങ്ങളിൽ ലഭ്യമായ ഉറവിടങ്ങളിൽ നിന്നും പണം കണ്ടെത്തുവാനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്. 23/05/2019-ലെ കണക്ക് പ്രകാരം താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്നും കിഫ്ബി ധനം സമാഹരിച്ചിട്ടുണ്ട്. |

| **Source** |
|---|
| Seed Capital |
| MVT & Cess |
| Term Loans |
| Masala Bond |
| KSFE Pravasi Chitty Bonds |

| | |
|---|---|
| | ബഡ്ജറ്റിന് പുറത്ത് ധനസമാഹരണം നടത്തി സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനായാണ് കിഫ്ബി സംവിധാനം ഏർപ്പെടുത്തിയത്. ഇതിന്റെ ഭാഗമായി നൂതന സാമ്പത്തിക സ്രോതസ്സുകളും പ്രയോജനപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വർഷങ്ങൾക്ക് ശേഷം മാത്രം സാധ്യമാകുമായിരുന്ന പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പിലാക്കുക വഴി പദ്ധതി നിർവഹണ ചിലവുകൾ ഗണ്യമായി കുറക്കാൻ കഴിയുകയും ചെയ്യും. നിലവിൽ കേരളത്തിൽ ഒരു സാമ്പത്തിക മാന്ദ്യം നിലനിൽക്കുന്ന സാഹചര്യമാണ്. കേന്ദ്രത്തിന്റെ എഫ്.ആർ.ബി.എം പോലെയുള്ള നിബന്ധനകൾ കാരണം സംസ്ഥാന സർക്കാരുകൾക്ക് ബഡ്ജറ്റ് വഴി ഇതിനെ ഫലപ്രദമായി പ്രതിരോധിക്കുവാനുള്ള ഉപാധികൾ സ്വീകരിക്കുന്നതിന് പരിമിതികൾ ഉണ്ട്. ഇത്തരം സാഹചര്യത്തിൽ കിഫ്ബി പോലെയുള്ള സംവിധാനങ്ങളിലൂടെ മാത്രമേ മാന്ദ്യ വിരുദ്ധ പാക്കേജ് കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കൂ.<br><br>അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലേക്ക് നിക്ഷേപകരെ ആകർഷിക്കാനും സാമ്പത്തിക വളർച്ച കൈവരിക്കുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ